## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 18 — 18.03.13-ലെ മറുപടിയ്ക്ക്

## സേവനാവകാശ നിയമം

ചോദ്യം
ശ്രീ. ചിറ്റയം ഗോപകുമാർ

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ). | സെക്രട്ടേറിയറ്റിൽ ഫയൽ തീർപ്പുകൾ സംബന്ധിച്ചുള്ളതായ കാല വിളംബം വർഷങ്ങളായി നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) (ബി) & (സി) | ഉണ്ട്. കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പ് സെക്രട്ടറിമാരും പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചു കൂട്ടി ഫയൽ തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം **' 100 ദിന പരിപാടിയിൽ'** ഉൾപ്പെടുത്തി 2011 ജൂൺ മാസം മുതൽ സെപ്തംബർ വരെ **'തീവ്ര ഫയൽ തീർപ്പാക്കൽ പദ്ധതി'** യിലൂടെ ധാരാളം ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ, എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ അവലോകനം ചെയ്ത് സമാഹൃത റിപ്പോർട്ടുകൾ തയ്യാറാക്കുകയും പഴക്കം ചെന്ന ഫയലുകൾ അടിയന്തിരമായി തീർപ്പാക്കാൻ പ്രസ്തുത റിപ്പോർട്ടുകളിലൂടെ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകി വരികയും ചെയ്യുന്നുണ്ട്. കൂടാതെ, നിലവിലുള്ള രീതികൾ കാലോചിതമായി പരിഷ്കരിച്ച് ഡി.ഡി.എഫ്.എസ്, ഇ- ഓഫീസ് തുടങ്ങിയ ശാസ്ത്രീയ സംവിധാനങ്ങൾ മുഖേന അപേക്ഷകളും ഫയലുകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്. |
| (ബി) | ആയത് പരിഹരിക്കുന്നതിനു വേണ്ടി പ്രത്യേകമായി എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ; | | |
| (സി) | എങ്കിൽ ആയവയുടെ വിശദാംശം അറിയിക്കുമോ ; | | |
| (ഡി) | ഫയൽ തീർപ്പിൽ നിലനിൽക്കുന്നതായ കാലതാമസം ഒഴിവാക്കുന്നതിന് സേവനാവകാശ നിയമം സെക്രട്ടേറിയറ്റിൽ നടപ്പിലാക്കി മാതൃക കാട്ടുമോ ; | (ഡി), (ഇ) & (എഫ്) | 2012 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്ന കേരള സംസ്ഥാന സേവനാവകാശ നിയമം, 2012-ലെ 3-ാം വകുപ്പ് പ്രകാരം തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തവയൊഴികെ, ഈ ആക്ടിന്റെ പ്രാരംഭം മുതൽ ആറു മാസത്തിനകം, ഓരോ സർക്കാർ വകുപ്പും, ഓരോ വകുപ്പു |

| | | | |
|---|---|---|---|
| (ഇ) | ഭരണ സിരാ കേന്ദ്രമെന്ന നിലയിൽ സേവനാവകാശ നിയമം സെക്രട്ടേറിയറ്റിൽ നടപ്പിലാക്കുന്നതിന് നിലവിൽ എന്തെല്ലാം തടസ്സങ്ങളാണ് നില നിൽക്കുന്നത് എന്നത് വിശദമാക്കുമോ ; | | മേധാവിയും, ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവും, ഓരോ നിയമാധിഷ്ഠിത നികായവും, അവ ഓരോന്നും നൽകുന്നതായ സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥൻ,ഒന്നാം അപ്പീൽ അധീകാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ, ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ് എന്നും പ്രസ്തുത നിയമം 2 (ജി) വകുപ്പ് പ്രകാരം ''സേവനം'' എന്നാൽ തത്സമയം |
| എഫ്) | എന്നത്തേയ്ക്ക് സേവനാവകാശ നിയമം സെക്രട്ടേറിയറ്റിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന വിവരം അറിയിക്കുമോ ? | | പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമോ, അതത് സമയം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമോ ഏതെങ്കിലും സർക്കാർ വകുപ്പോ അതിൻ കീഴിലോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനമോ അല്ലെങ്കിൽ ഒരു സംസ്ഥാന പൊതു മേഖലാ സ്ഥാപനമോ അല്ലെങ്കിൽ ഒരു നിയമാധിഷ്ഠിത നികായമോ പൊതു ജനങ്ങൾക്ക് പ്രദാനം ചെയ്യേണ്ടതായ 3-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെടാവുന്ന, ഏതെങ്കിലും സേവനം എന്നർത്ഥമാകുന്നു എന്നും പരാമർശിച്ചിട്ടുണ്ട്. ടി നിയമമനുസരിച്ച് പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യേണ്ടതായ സേവനങ്ങൾ നൽകുന്ന എല്ലാ സർക്കാർ വകുപ്പുകളും 3-ാം വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്. സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളും ഇപ്രകാരം പൊതു ജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങൾ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങൾ പ്രകാരം പ്രസ്തുത 'സേവനം' ലഭിക്കുന്നതിന് നിയുക്ത ഉദ്യോഗസ്ഥന് അപേക്ഷ നൽകേണ്ടതാണ്. ഇപ്രകാരം പൊതുജനങ്ങൾക്ക് നേരിട്ട് സേവനം നൽകുന്ന സെക്രട്ടേറിയറ്റിലെ ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്, സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, വിവര സാങ്കേതിക വകുപ്പ്, നോർക്ക എന്നീ വകുപ്പുകൾ പ്രസ്തുത ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**